# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 14**

---

## പേറ്റന്റുകളുടെ പ്രദർശനമൊരുക്കാൻ എം.ജി സർവകലാശാല

*വിവിധ ശാസ്ത്ര ഗവേഷണ മേഖലകളിൽ മഹാത്മാ ഗാന്ധി സർവകലാശാല പേറ്റന്റ് നേടിയ കണ്ടുപിടിത്തങ്ങളുടെ പ്രത്യേക പ്രദർശനം സംഘടിപ്പിക്കാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. സംസ്ഥാനത്ത് ഏറ്റവുമധികം പേറ്റന്റുകളുള്ള സർവകലാശാലകളിലൊന്നാണ് എം.ജി. കൃഷി, വ്യവസായം, ആരോഗ്യം തുടങ്ങി വിവിധ മേഖലകളിൽ പ്രയോജനകരമാകുന്ന ഈ കണ്ടുപിടിത്തങ്ങളെ അറിയുന്നതിന് പൊതുജനങ്ങൾക്കും ഗവേഷണ താത്പര്യമുള്ള വിദ്യാർഥികൾക്കും അവസമൊരുക്കുകയാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്.*

*പേറ്റന്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, ബൗദ്ധിക സ്വത്തവകാശ നിയമം തുടങ്ങിയവയെക്കുറിച്ച് വിശദമായി മനസിലാക്കുന്നതിനും പേറ്റന്റ് ഫെസ്റ്റിന്റെ ഭാഗമായി ക്രമീകരണമേർപ്പെടുത്തണമെന്ന് യോഗം ശിപാർശ ചെയ്തു.*

*സർവകലാശാലയുടെ ആഭിമുഖ്യത്തിൽ വിപുലമായ ഗ്ലോബൽ അക്കാദമിക് കാർണിവൽ സംഘടിപ്പിക്കും. 2023 ജനുവരിയിൽ കോട്ടയം നഗരത്തിലാണ് ഇതിനു മുൻപ് അക്കാദമിക് കാർണിവൽ നടത്തിയത്. സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും പഠന, ഗവേഷണ സൗകര്യങ്ങൾ ഈ രംഗത്തെ നേട്ടങ്ങൾ തുടങ്ങിയവ കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ കഴിയുന്ന രീതിയിലാണ് പരിപാടി സംഘടിപ്പിക്കുക.*

*ഏപ്രിൽ, മെയ് മാസങ്ങളിൽ സർവകലാശാലയിലെയും കോളജുകളിലെയും ഉന്നത വിദ്യാഭ്യാസ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ താത്കാലിക ഇൻഫർമേഷൻ സെന്ററുകൾ തുറക്കുന്നതിനും സർവകാലാശാലയുടെ സമൂഹ മാധ്യമ വിഭാഗം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ മീഡിയ സെൽ രൂപീകരിക്കുന്നതിനും സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി. യോഗത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.*

*(പി.ആർ.ഒ/39/1022/2024)*

## വിദ്യാഭ്യാസ ശിൽപ്പശാല 19 മുതൽ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിദ്യാഭ്യാസ ശിൽപ്പശാല നവംബർ 19 മുതൽ 22 വരെ നടക്കും. 19ന് വകുപ്പിൽ നടക്കുന്ന ചടങ്ങിൽ സർവകശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിദ്യാഭ്യാസമേഖലയിലെ സാധ്യതകളെക്കുറിച്ച് ശിൽപ്പശാല ചർച്ച ചെയ്യും.*

*വകുപ്പ് മേധാവി ഡോ. ജെ.വി. ആഷ അധ്യക്ഷത വഹിക്കും. ഡോ. മിനിക്കുട്ടി, ഡോ. സജ്ന ജലീൽ, ഡോ. ഷിബു ജി. നെന്മോ, ഡോ. കെ.വി. മുഹമ്മദ്, ഡോ. എസ്. സ്മിത, ഡോ. ഇസ്മായിൽ താമരശേരി, ബി.എ. ശ്രീനാഥ് എന്നിവർ സംസാരിക്കും.*

*അണ്ണാമല സർവകലാശാലയിലെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വകുപ്പ് മേധാവി ഡോ. എം. സാദിഖ് ബച്ച, പൊന്നാനി എം.ഐ ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ ഡോ. എം.കെ. നസീറലി, എം. സലീമ, ഡോ. എ. നിഷാദ് എന്നിവർ പ്രഭാഷണം നടത്തും.*

*കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 7902379952 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.*

*(പി.ആർ.ഒ/39/1023/2024)*

## <u>പരീക്ഷക്ക് അപേക്ഷിക്കാം</u>

*ഒന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷ ഡിസംബർ മൂന്നു മുതൽ നടക്കും. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.*

*…………*

*മൂന്നാം സെമസ്റ്റർ എംഎ സിറിയക് (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ ജനുവരി എഴിന് ആരംഭിക്കും. നവംബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 29 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1024/2024)*

## <u>പരീക്ഷാ ഫലം</u>

*നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബിഎ എൽഎൽബി (ഓണേഴ്സ് (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ് 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.................

*നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബികോം എൽഎൽബി (ഓണേഴ്സ് 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.................

*നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ അപേക്ഷിക്കാം.*

.................

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇല്ക്ട്രോണിക്സ് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.................

*ആറാം സെമസ്റ്റർ സിബിസിഎസ്എസ് ബികോം (മോഡൽ 1,2,3 – 2013 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/1025/2024)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ എംകോം, എംഎസ്സി, എംഎ, എംഎസ്ഡബ്ല്യു, എംഎജെഎംസി, എംടിടിഎം (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്), മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷകൾ ഡിസംബർ മൂന്ന് മുതൽ ആരംഭിക്കും.*

*(പി.ആർ.ഒ/39/1026/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**